ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ വെബ്സൈറ്റിലൂടെ പരാതി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഇ-പെറ്റീഷൻ (www.publicvig.in) എന്ന സംവിധാനം ഏർപ്പെടുത്തുകയും പരാതികൾ ഡിജിറ്റലൈസ് ചെയ്ത് iAPS (Internal Administrative Processing System) മുഖേന വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ യൂണിറ്റ് ഓഫീസുകളിലേയ്ക്ക് വേഗത്തിൽ കൈമാറുകയും നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൈക്കൂലിയുമായി ബന്ധപ്പെട്ട് 76 കേസ്സുകളിലായി 83 ഉദ്യോഗസ്ഥരെ പ്രതിയാക്കി കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കേസ്സുകളിൽ 44 എണ്ണത്തിൽ അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. 32 കേസ്സുകളിൽ നിലവിൽ അന്വേഷണം നടക്കുന്നുണ്ട്.

**മുൻമന്ത്രിമാർക്കെതിരെ വിജിലൻസ് കേസ്**

186(1781) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അവിഹിത സ്വത്ത് സമ്പാദനം, പദ്ധതി നടത്തിപ്പിലെ ക്രമക്കേട്, നിർമ്മാണ പ്രവൃത്തികളിലെ അപാകത തുടങ്ങിയ ഗുരുതരമായ ആരോപണങ്ങളെ ത്തുടർന്ന് കഴിഞ്ഞ സർക്കാരിന്റെ കാലത്തെ എത്ര മന്ത്രിമാർക്കെതിരെയാണ് ഇപ്പോൾ വിജിലൻസ് കേസ് നിലനിൽക്കുന്നത്; എത്ര പേർക്കെതിരെ വിജിലൻസ് അന്വേഷണം നടത്തുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) ഭരണതലത്തിലെ ഇത്തരം ഗുരുതരമായ ക്രമക്കേടുകൾക്കെതിരെ രജിസ്റ്റർ ചെയ്ത കേസുകളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്നറിയിക്കാമോ?

ഉത്തരം

(എ&ബി) 2011-2016 കാലയളവിലെ മുൻ മന്ത്രിസഭയിലുള്ള 11 മന്ത്രിമാർക്കെതിരെ വിജിലൻസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ ശ്രീ. വി. എസ്. ശിവകുമാറിനെതിരെ ഒരു സത്വരാന്വേഷണവും നടന്നുവരുന്നു. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly